# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 7493/11/12/2022/റ്റി വി എം.**

ഹർജിക്കാരി : ഡോ. മേരി ഫ്രാൻസിസ് കല്ലേലി, അവസാന വർഷ ന്യൂറോ സർജറി വിദ്യാർത്ഥിനി, ഗവൺമെൻറ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

എതിർകക്ഷി :

**എച്ച് ആർ എം പി നമ്പർ : 7508/11/12/2022/റ്റി വി എം.**

ഹർജിക്കാരി : അനസൂയാ സെൻ, D/o സെന്തിൽ കുമാർ പുതുമന, വിളിച്ചികാല പി.ഒ, ആടിച്ചനല്ലൂർ, കൊല്ലം.

എതിർകക്ഷി : ഡോക്ടർ മേരി ഫ്രാൻസിസ് കല്ലേലിൽ

**ഉത്തരവ് തീയതി : 16-01-2025.**

1. 23/11/ 2022 രാത്രി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ന്യൂറോ സർജറി ICU വിൽ ചികിത്സയിലായിരുന്ന ശുഭ എന്ന രോഗി മരണപ്പെട്ട കാര്യം ICU ഡ്യൂട്ടി ഡോക്ടറായ ഹർജിക്കാരി ശുഭയുടെ ബന്ധുക്കളെ അറിയിച്ച സമയം ശുഭയുടെ ഭർത്താവ് ഹർജിക്കാരിയെ അടിവയറിൽ ചവിട്ടുകയും ടിയാൾ മറിഞ്ഞു വീണെന്നും ഇപ്പോൾ ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ നടത്തി വരികയാണെന്നും മറ്റുമാണ് ഈ പരാതി (HRMP No.7493/11/12/2022). അനസൂയ യുടെ അമ്മ ശുഭ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗത്തിൽ എതിർകക്ഷിയുടെ ചികിത്സയിൽ കഴിഞ്ഞു വരവേ എതിർകക്ഷിയുടെ ചികിത്സ പിഴവുമൂലം മരണപ്പെട്ടു പോയി എന്നാണ് HRMP No.7508/11/12/2022 പരാതിയിലെ ആരോപണം.

2. പരാതി വിഷയത്തിൽ അഞ്ചുപേർ ഉൾപ്പെടുന്ന ഒരു വിദഗ്ധസമിതി രൂപീകരിച്ച് അന്വേഷണം നടത്തിയെന്നും സാധ്യമായ എല്ലാ ചികിത്സകളും പരിശ്രമങ്ങളും ചെയ്തെങ്കിലും നിർഭാഗ്യവശാൽ രോഗി മരണപ്പെട്ടുപോയെന്നും ഹർജിക്കാരിയുടെ ആരോപണങ്ങൾ ശരിയല്ലെന്നുമാണ് ഇക്കാര്യത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് 01 /3 /2023- ൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അനസൂയയുടെ മാതാവായ ശുഭ മരണപ്പെട്ട വിവരം അറിയിച്ച ഡോക്ടർ മെറി ഫ്രാൻസിസ് കല്ലേലിയെ അനസൂയയുടെ പിതാവ് സെന്തിൽ കുമാർ വയറിന് വലതുവശത്ത് ചവിട്ടുകയും ഡ്യൂട്ടി തടസ്സപ്പെടുത്തുകയും ചെയ്തുവെന്ന ഡോക്ടറുടെ മൊഴി പ്രകാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ Crime 1402/22 U/s 332 IPC & 3,4 of Kerala Health Care Service Institutions ( Prevention of violence and Damage of Property) Act 2012

ആയി കേസ് രജിസ്റ്റർ ചെയ്തുവെന്നും തുടർന്ന് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചെന്നും അത് സിസി 238/2022 നമ്പർ ആയി കോടതിയുടെ പരിഗണനയിൽ ആണെന്നും ബ്രെയിൻ ട്യൂമറിന്റെ കാഠിന്യത്താലാണ് ശുഭ മരണപ്പെട്ടു പോയതെന്നും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ് എച്ച്.ഒ സമർപ്പിച്ച 1/10/2023 തീയതിയിലെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

3. നോട്ടീസുകൾ അയച്ചെങ്കിലും മേൽപ്പറഞ്ഞ രണ്ട് കേസുകളിലെയും ഹർജിക്കാർ ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരാകുകയോ റിപ്പോർട്ടുകൾക്കെതിരെ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ശുഭയുടെ മരണം ചികിത്സ പിഴവുമൂലം ആണെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയ വിദഗ്ധ സമിതി ചികിത്സാ പിഴവ് ഉണ്ടായിട്ടില്ലെന്ന് കണ്ടെത്തിയതായും മരണവിവരം അറിയിച്ച ഡോക്ടറെ ശുഭയുടെ ഭർത്താവ് ചവിട്ടിയ സംഭവത്തിന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ സമർപ്പച്ച് CC 238/2022 നമ്പറായി കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതായും രേഖകൾ വെളിവാക്കുന്നു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റെഗുലേഷൻ 17(h) പ്രകാരം കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ ഈ കമ്മീഷൻ ഇടപെടുന്നത് ഉചിതമല്ല. മേൽ സാഹചര്യങ്ങളാൽ ഈ പരാതിയിൽ തുടർ നടപടി ആവശ്യമില്ല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. ഇരു കേസുകളിലെയും ഹർജിക്കാർക്ക് ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക..

( ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്

ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.